manoramaonline.com

# കോളജ് അധ്യാപകരുടെ കഴിവുകൾ വർധിപ്പിക്കേണ്ടത് അനിവാര്യം

സ്വന്തം ലേഖകൻ

Story Dated: Monday, January 14, 2013 14:37 hrs IST



കോളജ് അധ്യാപകരുടെ കഴിവുകൾ വർധിപ്പിക്കണം, ഇത് വളരെ അത്യാവശ്യമാണ്. അധ്യാപകർ ഭംഗിയായി പഠിപ്പിക്കാനും വിദ്യാർഥികളുമായി നല്ല രീതിയിൽ ആശയവിനിമയം നടത്താനും ശ്രമിക്കണമെന്ന് കാലിക്കറ്റ് സർവകലാശാല വൈസ്ചാൻസ്‌ലർ ഡോ. എം. അബ്ദുൽ സലാം അഭിപ്രായപെട്ടു. അമൃത സർവകലാശാലയുടെ ഇ–ലേണിങ് സോഫ്റ്റ്‌വെയറായ എ–വ്യൂ വഴി നാഷണൽ വീക്കിലി ഡിസ്കഷൽ പ്രോഗ്രാമിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ഡിജിറ്റൽ ക്യാമ്പസുകൾ സൃഷ്ടിക്കണം. വിദ്യാർത്ഥികളുടെ ഉന്നമനത്തിനു വേണ്ടി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണം. മികച്ച പാഠ്യപദ്ധതി തയാറാക്കുനതിന് സർവകലാശാല യുടെ പഠന ഗവേഷണ വിഭാഗം വ്യവസായ സ്ഥാപങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുനത് നല്ലതാണ്. ഇന്ത്യയിലെ പല സർവകലാശാലകളും എൻജിനീയറിങ് പോലുള്ള പ്രൊഫഷണൽ കോഴ്സകളുടെ പാഠ്യപദ്ധതി തയാറാക്കുനതിന് വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പാഠ്യപദ്ധതി ഇന്നത്തെ വ്യവസായത്തിന്റെ ആവ്യശ്യങ്ങൾക്കനുസരിച്ചു വേണം തയാറാക്കാൻ. കാലിക്കറ്റ് സർവകലാശാല പാഠ്യപദ്ധതി മാറ്റിക്കൊണ്ടിരിക്കുകയാണ്, ആധുനിക സംവിധാനങ്ങളോടു കൂടിയ പുതിയ ഗവേഷണ സെന്ററുകളും ആരംഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർഥികൾക്ക് ചോദ്യം ചോദിക്കാനുള്ള അവസരവും ഉണ്ടായിരുന്നു. ഐബിഎസ് ഹൈദരാബാദ്, എൻഐടി സുരറ്റ്കൽ, എൻഐടി വാർനഗൽ, പോണ്ടിച്ചേരി സർവകലാശാല  തുടങ്ങിയ 60 ഓളം പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓൺലൈൻ ക്ലാസി ൽ പങ്കെടുത്തു.